PROFIT AND LOSS OF THE GOVERNMENT CENTRAL FARM

8. മിസ്റ്റർ എം. കെ. വല്ലീസ്: താഴെ പറയുന്ന ചോദ്യത്തിന്മേൽ മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിന്നു ദയവുണ്ടാകുമോ.—

ഗവൺമെണ്ടു സെൻട്രൽ ഫാറത്തിൽ ചെയ്യുന്ന കൃഷികളുടെ ലാഭനഷ്ടം കണക്കാക്കുന്നതിൽ ഇനികുതി, വില്ലന നികുതി, വളം മുതലായവ ചിലവിനത്തിൽ ഉൾപ്പെടുത്തുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

ഒല്ലൂക്കര ഫാറത്തിലെ കൃഷികളുടെ ലാഭനഷ്ടകണക്കുകളിൽ ഇനികുതിയും വില്ലന നികുതിയും പെടുത്താറില്ല. വളം മുതലായവക്കു് ചിലവാക്കുന്ന സംഖ്യ കണക്കുകളിൽ പെടുത്താറുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സെൻട്രൽഫാറത്തിൽനിന്നും കിട്ടുന്ന നാളികേരം, അവിടത്തെ തെങ്ങിനുവേണ്ടിവരുന്ന ചിലവുകഴിച്ചു്, വില്ലിനനികുതിയും, ഇനികുതിയും ഒഴിവാക്കിയാൽതന്നെ, ലാഭമാണോ അതോ നഷ്ടമാണോ, ഉള്ളതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇക്കൊല്ലം ലാഭമാണെന്നാണു് തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇക്കൊല്ലം നാളികേരത്തിന്നു് വിലനിയന്ത്രണം മൂലം വിലകുറഞ്ഞിട്ടും ലാഭമാണോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇക്കൊല്ലം നാളികേരം വളരെ കൂടുതൽ കാണുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അതിന്നു പ്രത്യേക വല്ലകാരണവുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കാലാവസ്ഥയിൽ വളത്തിന്റെ ഗുണവും അതിന്നു് കാരണമായിരിക്കണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കായ്ക്കുന്ന തെങ്ങുകളുടെ ലിസ്റ്റിൽപെടാത്ത തെങ്ങും കായ്ക്കാൻ തുടങ്ങിട്ടുണ്ടായിരിക്കുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: തീച്ചുപറയാൻ വയ്യ.

മിസ്റ്റർ പറമ്പിലോനപ്പൻ: കച്ചവട ഉദ്ദേശത്തോടുകൂടിയാണോ, സെൻട്രൽ ഫാം നടത്തുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതുമാത്രമല്ലാ. ഡമോൺസ്ട്രേഷന്റേയും ഉദ്ദേശമുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സെൻട്രൽഫാറത്തിലെ ഉല്പന്നങ്ങളെ സംബന്ധിച്ചു്, വില്ലനനികുതിയെന്നു് പറഞ്ഞതു് എന്താണെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവിടെയുണ്ടാകുന്ന സാധനങ്ങൾ മറ്റു കച്ചവടക്കാക്കു കൊടുക്കുന്നുണ്ടു്. അതിന്നു് ഗവൺമെണ്ടു് വില്ലനനികുതി ഈടാക്കുന്നുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: വില്ലനനികുതിയെ സംബന്ധിച്ച നിയമത്തിന്റെ ഷെഡ്യൂളിൽ ചിലതെല്ലാം ഒഴിവാക്കീട്ടുണ്ടു്. അതിൽ ഇതും പെടില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഷെഡ്യൂൾ നോക്കിയാലെ പറയാൻ സാധിയ്ക്കുകയുള്ളൂ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സെൻട്രൽ ഫാറം നടത്തുന്നതു്, ഡെമോൺസ്ട്രേഷനുവേണ്ടിയാണെങ്കിലും അതു് ആദായകരം കൂടി ആയിരിയ്ക്കും എന്നു് ഇപ്പോൾ ഗവൺമെണ്ടിനു തോന്നുന്നില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കഴിയുന്നതും ആദായമുണ്ടാകുവാനുള്ളകാര്യവും നോക്കും. പക്ഷേ, ചിലകാര്യങ്ങൾ ഡെമോൺസ്ട്രേഷൻ പർപ്പസ്സിനു തന്നെയാണു്.

MORE TELEPHONE CONNECTIONS IN THE STATE—INSTALLATION OF

9. മിസ്റ്റർ എം. കെ. വല്ലീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി നൽകുമോ.—

(എ) കൊച്ചിക്കു കൂടുതൽ ടെലിഫോൺ അനുവദിക്കുന്നതിനു ഇന്ത്യാഗവൺമെണ്ടിനോടു് ആവശ്യപ്പെടുകയുണ്ടായോ;

(ബി) ഉണ്ടായി എങ്കിൽ അതിന്റെ ഫലമെന്തു്?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) അതിന്റെ ഫലമായി കൂടുതൽ ടെലിഫോൺ കണക്ഷൻ ലഭിച്ചുവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly